

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

23 AUGUST 2019

21 DHUL-HIJJAH 1440 AH

# THE PACT OF GOD WITH THE OFFSPRING OF ABRAHAM (AS)

## ഇബ്റാഹീം (അ)ന്റെ സന്തതികളുമായുള്ള ദൈവീക ഉടമ്പടി

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇബ്റാഹീം (അ)ന്റെ സന്തതികളുമായുള്ള ദൈവീക ഉടമ്പടി** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

വിശുദ്ധഖുർആനിലും, തൗറാത്തിലും വിവിധ സ്ഥലങ്ങളിൽ, ജൂതന്മാരുടെ വിശ്വാസമില്ലായ്മയെകുറിച്ചും, താന്തോന്നിത്യത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. എങ്ങനെയാണ് അവർ തങ്ങളുടെ ഉടമ്പടിയെ ലംഘിച്ചതെന്ന് പ്രസ്തുത വസ്തുതകൾ വെളിപ്പെടുത്തുന്നുമുണ്ട്.

പഴയനിയമം യെശയ്യാവ് അധ്യായത്തിൽ ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു. അവർ ന്യായപ്രമാണങ്ങൾ ലംഘിക്കുകയും കല്പനകൾ മാറ്റുകയും നിത്യഉടമ്പടിക്ക് ഭംഗം വരുത്തുകയും ചെയ്തിരിക്കുന്നു. (യെശയ്യാവ് 24:5)

വിശുദ്ധഖുർആൻ പറയുന്നു. ഇസ്റായീൽ സന്തികളിൽ നിന്ന് അവിശ്വസിച്ചവർ ദാവൂദിന്റെയും ഈസബ്ന് മർയമിന്റെയും നാവുകളാൽ ശപിക്കപ്പെട്ടിരിക്കുന്നു. അത് അവർ ആജ്ഞ ലംഘിച്ചതുകൊണ്ടും, അതിരുകവിഞ്ഞു പ്രവർത്തിച്ചിരുന്നതുകൊണ്ടുമാകുന്നു. (5:79)

മൂസാ(അ)ന് ശേഷം ഇസ്റായേലികളിൽ അനേകം പ്രവാചകന്മാർ വന്നിട്ടുണ്ട്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. ഓരോ പ്രാവശ്യവും പ്രവാചകൻ മരണപ്പെടുമ്പോൾ അതേ തുടർന്ന് മറ്റൊരു പ്രവാചകൻ അദ്ദേഹ

ത്തിന്റെ അനന്തരാവകാശി ആകുമായിരുന്നു (ബുഖാരി)

അതിരു കടക്കുന്നതിൽ ഇസ്റായേലുകാർ എല്ലാ പരിധികളും അതിലംഘിച്ചപ്പോൾ, ദാവീദിനു ശേഷം അവരിൽ നിന്ന് താത്ക്കാലിക രാജത്വം ദൈവം ബലമായി പിടിച്ചെടുത്തു. യേശുവിനു ശേഷം അവരിലെ പ്രവാചകത്വവും ബലമായി തിരിച്ചു പിടിച്ചു. ജൂതജനതയിൽ നിന്നും പ്രവാചകത്വവും നീക്കം ചെയ്യേണ്ട സമയം ആസന്നമായപ്പോൾ, ഏബ്രഹാമിന്റെ അനന്തരാവകാശികൾ ആയിരുന്നിട്ടുപോലും അവർ അധർമ്മികളായപ്പോൾ, അവരിൽ നിന്നും അത് നീക്കം ചെയ്യുകയുണ്ടായി.

യേശു തന്റെ ശിഷ്യന്മാരോട് പറയുകയുണ്ടായി, അതായത് പ്രവാചകത്വം കൊണ്ട് മറ്റൊരു ജനത പ്രയോജനം നേടുന്നതാണ്. അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽ നിന്നെടുത്ത്, അതിന്റെ ഫലം നല്കുന്ന ജനതയ്ക്ക് കൊടുക്കും എന്ന് ഞാൻ നിങ്ങളോടു പറയുന്നു (മത്തായി 21:43)

ഈ കല്ലിൻമേൽ വീഴുന്നവൻ തകർന്നു പോകും. അത് ആരുടെ മേൽ വീഴുന്നുവോ അവൻ പൊടിയായി തീരും എന്നും പറഞ്ഞു. (മത്തായി 21:44)

താഴെപറയുന്ന വചനത്തിലൂടെ വിശുദ്ധ ഖുർആനും ഇതും സംബന്ധമായി പരോക്ഷമായി പരാമർശിക്കുന്നതു കാണുക.

തീർച്ചയായും ഇത് (ഈ ഖുർആൻ) ആ നിശ്ചിത സമയത്തെക്കുറിച്ച് അറിവ് നല്കുന്നതാണ്. അതിനെ സംബന്ധിച്ച് ഒരിക്കലും നിങ്ങൾ സംശയിക്കരുത്. നിങ്ങളെന്നെ പിൻപറ്റുവിൻ. ഇതത്രെ നേർമാർഗം (43:62)

ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു അല്ലയോ ജൂതന്മാരെ, നിങ്ങളോടു പറയപ്പെട്ട ആ സമയത്തെ അടയാളം ഈസ ഇബ്ന് മർയം ആയിരുന്നു. എന്നാൽ നിങ്ങൾ പ്രസ്തുത മസീഹിനെ അംഗീകരിച്ചില്ല, അദ്ദേഹം നിങ്ങൾക്ക് രാജാധികാരവും പ്രവാചകത്വവും മടക്കി തരുമായിരുന്നു. നിങ്ങൾ അദ്ദേഹത്തെ നിരാകരിച്ചതാകുന്നു. നിങ്ങൾ നശിപ്പിക്കപ്പെട്ടു. ഈ രണ്ട് അനുഗ്രഹങ്ങളും ഇതാ മറ്റു ജനതയ്ക്ക് നല്കപ്പെട്ടിരിക്കുന്നു. ഈ കാര്യത്തെക്കുറിച്ച് നിങ്ങൾ സംശയാലുക്കളാകരുത്. നിങ്ങൾ എന്നെ പിന്തുടരു

ക. കാരണം ഇതാണ് ശരിയായ പാത എന്നെ പിന്തുടരുന്നതിലൂടെ (മുസ്ലിംകൾ എന്ന നിലയിൽ) നിങ്ങൾക്ക് വീണ്ടും ഈ രണ്ട് അനുഗ്രഹങ്ങളും നല്കിയേക്കാം. കാരണം അവ നല്കപ്പെടുന്നത് ഏബ്രഹാമിന്റെ അനന്തരാവകാശികൾക്കാണ്.

അങ്ങനെ ദൈവം ഇസ്രയേൽ സന്താനങ്ങളെ ഒഴിവാക്കി ഇസ്മായീൽ സന്താനങ്ങളിലേക്ക് തിരിയുകയുണ്ടായി. ഈ യിസ്മായീലാണ് പാറാൻ കുന്നുകളിൽ തന്റെ മാതാവിനോടൊപ്പം കഴിഞ്ഞു കൂടിയത്. അവൻ പാറാൻ മരുഭൂമിയിൽ പാർത്തു. അവന്റെ അമ്മ മിസ്രയീം ദേശത്ത് നിന്ന് അവന് ഒരു ഭാര്യയെ കൊണ്ടു വന്നു. (ഉൽപത്തി 21:21) ശ്രദ്ധിക്കേണ്ട ഒരു കാര്യം ഏബ്രഹാം മൂന്ന് പരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടതായിട്ടുണ്ട് എന്നതാണ്. വിഗ്രഹാരാധകർ അഗ്നിയിലേക്ക് അദ്ദേഹത്തെ വലിച്ചെറിയുവാൻ, അദ്ദേഹം സ്വയം സന്നദ്ധനായി, തന്റെ ഭാര്യ ഹാജറയെ (ആഗർ)യും മകൻ ഇസ്മായീലിനെയും മരുഭൂമിയിലെ വനത്തിൽ ഉപേക്ഷിക്കുവാൻ അദ്ദേഹം തയ്യാറായി. ഏറ്റവും വലിയ പരീക്ഷണം, അതിലും അദ്ദേഹം വിജയശ്രീലാളിതനായി. അതായത് ദൈവത്തിന്റെ കല്പന പ്രകാരം അദ്ദേഹത്തിന്റെ മകനെ തന്റെ കൈകൊണ്ട് ബലി അർപ്പിക്കുവാൻ അദ്ദേഹം തയ്യാറായി എന്നതാണത്. ഏബ്രഹാമിനും(അ) അദ്ദേഹത്തിന്റെ മകൻ ഇസ്മായീലിനും ആയിരമായിരം അഭിനന്ദനങ്ങൾ, അവർ ദൈവ വഴിയിൽ ഉറച്ചുനിന്നതിന്, അവന്റെ ഇംഗിതത്തിന് സർവ്വാത്മന കീഴടങ്ങിയതിന്! അപ്പോഴാണ് ദൈവീക സിംഹാസനത്തിൽ നിന്നും ഈ കല്പന വന്നത്. ഞാൻ നിന്നെ സമൃദ്ധിയായി അനുഗ്രഹിക്കും. നിന്റെ സന്തതി പരമ്പരകളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽത്തരിപോലെയും അത്യധികം വർദ്ധിപ്പിക്കും. നിന്റെ സന്തതി അവരുടെ ശത്രുക്കളുടെ നഗരങ്ങൾ കൈവശമാക്കും. ഉൽപത്തി 22:17) നീ എന്റെ വാക്ക് അനുസരിച്ചതു കൊണ്ട് നിന്റെ സന്തതിയിലൂടെ ഭൂമിയിലെ സകല ജനതകളും അനുഗ്രഹിക്കപ്പെടും (ഉൽപത്തി 22:18)

അതിന് ശേഷം ഇബ്റാഹീം(അ)മും ഇസ്മായീൽ(അ)യും കഅ്ബ നിർമ്മിച്ചു. അത് ഒരിക്കൽ ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ജനനസ്ഥലമായി മാറി.

അതിലൂടെ മുഴുലോകവും അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഭൂമിയിലെ എല്ലാവരുടെയും മതകേന്ദ്രവുമായി അതുമാറി. ഹസ്രത് ഇബ്റാഹീം(അ)ന്റെ പ്രാർത്ഥനയുടെ ഫലമായിരുന്നു. വാഗ്ദത്ത പുത്രൻ ഇസ്മായീൽ (അ). കഅ്ബ നിർമ്മാണ ശേഷം ഇബ്റാഹീം(അ) അനന്തരാവകാശികൾക്കായി പ്രാർത്ഥിക്കുകയുണ്ടായി.

ഒരു വാക്കിൽ പറഞ്ഞാൽ റഹ്മത്തുൻ ലിൽ ആലമീൻ വരാനുള്ള സമയമായി, അങ്ങനെ മുഴുരാജ്യങ്ങളെയും അനുഗ്രഹിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ആഗമനം ദൈവത്തിന്റെ ഒരു ദൃഷ്ടാന്തം തന്നെ ആയിരുന്നു. പതിനായിരം വിശുദ്ധമാരോടൊപ്പം അവൻ ആഗതനായി. അവന്റെ വലതുകയ്യിൽ കത്തിജ്വലിക്കുന്ന നിയമപുസ്തകമുണ്ട്, കഅ്ബയിലും ലോകത്തെങ്ങുമുള്ള വിഗ്രഹാരാധനയെ അവൻ ഇല്ലായ്മ ചെയ്യുന്നതാണ്.

ദൈവപുരുഷനായ മോശെ തന്റെ മരണത്തിന് മുമ്പ് യിസ്രയേൽ മക്കളെ ഇപ്രകാരം അനുഗ്രഹിച്ചു. അവൻ പറഞ്ഞത് യഹോവ സീനായിൽ നിന്ന് വന്നു. സേയീരിൽ നിന്ന് അവരുടെ മേൽ ഉദിച്ചു. പാരാൻ പർവ്വതത്തിൽ നിന്ന് വിളങ്ങി ലക്ഷോപലക്ഷം വിശുദ്ധന്മാരുടെ അടുക്കൽ നിന്നു വന്നു. അവർക്ക് വേണ്ടി അഗ്നിമയമായൊരു പ്രമാണം അവന്റെ വലംകൈയ്യിൽ ഉണ്ടായിരുന്നു. (ആവർത്തന പുസ്തകം 33:1-2)

അല്ലെയോ! എന്റെ മുസ്ലിം സഹോദരിമാരെ! സഹോദരിമാരെ ! ഓർക്കുക. നാം ഇബ്റാഹീം (അ)ന്റെ വാഗ്ദത്ത പുത്രന്മാരാണ്. അല്ലാഹു (ത) നമ്മോട് വളരെ വലിയ വാഗ്ദാനങ്ങൾ ചെയ്തിരിക്കുന്നു. നമ്മെ അവൻ ഏറ്റവും നല്ല സമുദായമായി തെരഞ്ഞെടുത്തിരിക്കുന്നു. ഖൈറ് ഉമ്മത്തായി തെരഞ്ഞെടുത്തിരിക്കുന്നു. അന്ത്യനാൾവരേക്കും അവൻ നമുക്ക് താത്ക്കാലിക രാജാധികാരം അനുഗ്രഹമായി പൂർത്തീകരിച്ചു നല്കിയിരിക്കുന്നു. ആത്മീയാനുഗ്രഹങ്ങൾ പ്രവാചകത്വ രൂപത്തിലും അവൻ നമുക്ക് പൂർത്തീകരിച്ചു തന്നിരിക്കുന്നു. കാരണം നാം ഇബ്റാഹീം (അ)ന്റെ അനന്തരാവകാശികളാണ്. അദ്ദേഹം പറഞ്ഞു. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മതത്തെ നിങ്ങൾ സ്വീകരിക്കുക. അവനത്രെ നിങ്ങൾക്ക് മുസ്ലിംകൾ എന്ന് പേര് വെച്ചിരിക്കുന്നത് (22:79)

ഇബ്രാഹീം(അ)ന്റെ സന്താനങ്ങളിൽ ഇസ്റായീൽ ശാഖ

യിൽ ദൈവം തന്റെ വാഗ്ദാനം നിറവേറ്റുകയുണ്ടായി. അവർ ദുർവൃത്തരാകാതിരുന്നിടത്തോള കാലം! രാജാധികാരവും പ്രവാചകത്വവും അവർക്കായി അവൻ തയ്യാറാക്കി വച്ചിരുന്നു. എന്നാൽ അവർ ദുർവൃത്തരായി കഴിഞ്ഞപ്പോൾ, ദൈവം ഇസ്മായീൽ(അ)ന്റെ അനന്തരാവകാശികളിലേക്ക് തിരിഞ്ഞു. അതായത് മുസ്ലിംകളിലേക്ക്! അതുകൊണ്ട് മുസ്ലിംകൾ ദുർവൃത്തരാകാതിരുന്നാൽ, അവരിൽ പ്രവാചകന്മാർ വരിക എന്നത് അനിവാര്യമാണ്, (അത്തരം പ്രവാചകൻമാർ ഒരിക്കലും സമ്പൂർണ്ണ നിയമ ഗ്രന്ഥമായ വിശുദ്ധ ഖുർആന് ഒരു മാറ്റവും വരുത്തുന്നവരല്ല. അതിനെ വീണ്ടും വീണ്ടും പ്രകാശിപ്പിക്കുന്നവരാണ്.) അതുകൊണ്ടാണ് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞത്, അദ്ദേഹത്തിന് ശേഷം വരുന്ന പ്രവാചകൻ നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാമായി വരുന്ന പ്രവാചകൻ ആയിരിക്കും(ഇമാമുക്കും മിൻകും) നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാമായിരിക്കും. എന്നാൽ നോക്കൂ! എങ്ങനെയാണ് ഉലമാക്കന്മാർ ഇതിനെ അവഗണിച്ചതെന്ന്! എന്തുകൊണ്ടാണ് അവർ ഇസ്ലാമിൽ പ്രവാചകത്വം നിർത്തൽ ചെയ്തിരിക്കുന്നു എന്ന് വാദിക്കുന്നത്? എന്നിട്ടവർ മുസ്ലിംകളെ ജൂതന്മാരുടെ അതേ പദവിയിലേക്ക് തരംതാഴ്ത്തുകയും ചെയ്തിരിക്കുന്നു. അവരോ ദൈവക്രോധത്തിന് പാത്രമാവുകയും ചെയ്തവരാണ്, പ്രവാചകത്വപദവിയാകുന്ന പ്രത്യേകാധികാരത്തിൽ നിന്ന് അവർ ആട്ടിഓടിക്കപ്പെട്ടിരിക്കുന്നു!

മറിച്ച്, ഹസ്രത് മുഹമ്മദ് മുസ്തഫ)(സ)യുടെ ആഗമനത്തോടെ മുസ്ലിംകൾ പ്രതിഫലം നല്കപ്പെട്ടവരായി തീർന്നു. (മുൻഅം അലൈഹീം) അനുഗ്രഹം ചൊരിയപ്പെട്ടവരായി മാറി. ശാപത്തിന് പാത്രമായവരുമായി താരതമ്യം ചെയ്യപ്പെടാൻ കഴിയാത്ത നിലയിലായി. (മഗ്ളൂബി അലൈഹിം) മാർഗ ഭ്രംശം സംഭവിച്ചവരുമായി ബന്ധമില്ലാത്തവരായി മാറി അവർ. ജൂതന്മാർ ദൈവീക ശിക്ഷയിൽ അകപ്പെട്ടതുപോലെ ആയിത്തീരാതിരിക്കുവാൻ, മുസ്ലിംകൾ അവരിൽ നിന്നും പ്രവാചകന്മാർ ഉയർന്നു വരുന്നത് കണ്ടു കൊണ്ടിരിക്കുക തന്നെ വേണം! ഈ അനുഗ്രഹം കാത്തുസൂക്ഷിക്കുവാൻ അല്ലാഹു(ത) നമ്മെ സൂറഃഫാത്തിഹയിലൂടെ ഒരു പ്രാർത്ഥന പഠിപ്പിക്കുകയുണ്ടായി. വിശുദ്ധഖുർആനിലെ പ്രഥമ അധ്യായമാണത്. ശ്രദ്ധിച്ചു വായിച്ചാൽ

നിങ്ങൾക്ക് കാണുവാൻ കഴിയും. നാം നേരത്തെ ചർച്ചചെയ്ത അതേ വിഷയം നമുക്ക് അതിൽ കാണുവാൻ കഴിയും. ദൈവീക അനുഗ്രഹം നഷ്ടപ്പെട്ട രണ്ടു വിഭാഗം ആളുകളെകുറിച്ച് അതിൽ പ്രതിപാദിക്കുന്നുണ്ട്. അത് ജൂതന്മാരും ക്രിസ്ത്യാനികളുമാകുന്നു. മുസ്ലിംകൾ (മഗ്ളൂബി അലൈഹിം) ശപിക്കപ്പെട്ട വിഭാഗത്തിൽ അകപ്പെട്ടു പോകരുതെന്ന് അത് താക്കീത് ചെയ്യുന്നു. അതുപോലെ (ള്വാല്ലീൻ) മാർഗഭ്രംശം സംഭവിച്ച വിഭാഗത്തിലും അകപ്പെട്ടു പോകരുതെന്നും മുന്നറിയിപ്പ് നല്കുന്നു. നിങ്ങൾ ഒരുപാത പിന്തുടരുക, അത് ഇബ്റാഹീം (അ)യുടെ സന്താനങ്ങളുടെ ഉത്തരവാദിത്വമാകുന്നു, അതായത്, പ്രസ്തുത പാത, ദൈവീക അനുഗ്രഹം നമ്മിലേക്ക് ആകർഷിച്ചുകൊണ്ടു വരേണ്ട പാതയാകുന്നു. അല്ലാഹു(ത) വിശുദ്ധഖുർആനിൽ വ്യക്തമായി ഈ പ്രാർത്ഥന പറഞ്ഞു തന്നിട്ടുണ്ട്. ഞങ്ങളെ നേർപാതയിൽ നയിക്കേണമെ! നിന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞവരുടെ പാതയിൽ. നിന്റെ കോപത്തിന് പാത്രമായവരുടെ പാതയിലല്ല വഴിപിഴച്ചവരുടെ പാതയിലുമല്ല (1:6-7)

പ്രവാചകത്വം ദൈവം തന്നിട്ടുണ്ടായിരുന്നുവെങ്കിൽ, അതു കിട്ടുന്നതിനായി പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നതെന്തിന്? ഇബ്റാഹീം(അ)നോടാണ് വാഗ്ദാനം ചെയ്തത്, അദ്ദേഹത്തിലൂടെ ഇസ്റായീലികൾക്ക് ലഭിച്ചു, എന്നാൽ അവർ ദുർവൃത്തരായി തീർന്നപ്പോൾ, അവർക്ക് പകരം ഇസ്മായീൽ(അ)യുടെ പരമ്പരയിലേക്ക് അത് കൈമാറി. ഇബ്റാഹീം(അ)നോട് അല്ലാഹു(ത) ചെയ്ത വാഗ്ദാനം പിൻവലിച്ചിട്ടില്ല. അതുമാത്രമല്ല ഇബ്റാഹീ(അ)ന്റെ വംശം (അനന്തരാവകാശികൾ) പൂർണ്ണമായും ദുർവൃത്തരായിതീർന്നിട്ടുമില്ല. ഇബ്റാഹീം(അ) അനന്തരാവകാശികൾ പൂർണ്ണമായും ദുർവൃത്തരായി തീരുന്ന സാഹചര്യത്തിലോ, അല്ലെങ്കിൽ അവൻ സ്വയം പ്രഖ്യാപിക്കുകയോ ചെയ്യുക. അതായത്, പ്രസ്തുത വാഗ്ദാനം ഇനിമുതൽ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതല്ല. ഈ സാഹചര്യത്തിൽ മാത്രമെ പുനരാരംഭിക്കേണ്ടതുള്ളു.

സൂറഃ ഫാതിഹായിലൂടെ പഠിപ്പിക്കുന്ന പ്രാർത്ഥന പ്രവചനാത്മകമായ നിലയിലുള്ളതാകുന്നു. അതുപോലൊരു പ്രാർത്ഥന പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പഠിപ്പിച്ചിരിക്കുന്നുതു കാണുക. പ്രസ്തുത പ്രാർത്ഥന താഴെ പറ

യുന്ന ദാറൂദ്ശരീഫിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവിടെ ഇത് ദറൂദ് ഇബ്റാഹീമാണ്.

അല്ലാഹുവേ! മുഹമ്മദ് (സ)യുടെ മേലും കുടുംബത്തിന്റെ മേലും നീ അനുഗ്രഹം ചൊരിയേണമെ, ഇബ്റാഹീം(അ)ന്റെ മേലും, കുടുംബത്തിന്റെ മേലും നീ അനുഗ്രഹം ചൊരിഞ്ഞതുപോലെ! നിശ്ചയമായും നീ തന്നെയാണ് സ്തുത്യർഹനും, മഹത്വമുടയവനും (ബുഖാരി)

ഇബ്റാഹീം (അ)ന്റെ മേലും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ മേലും എന്ത് അനുഗ്രഹങ്ങളാണ് അല്ലാഹു(ത) നിറച്ചു കൊടുത്തത്? താത്ക്കാലിക നിലയിൽ, ഇഹലോകനിലയിൽ നോക്കിക്കണ്ടാൽ അത് രാജകീയ പൗഢി ആയിരുന്നില്ലേ? ആത്മീയ വീക്ഷണത്തിലൂടെ നോക്കിക്കണ്ടാൽ അത് പ്രവാചകത്വ പദവി ആയിരുന്നില്ലേ? ഇതേ ഭൗതിക അനുഗ്രഹങ്ങളും ആത്മീയ അനുഗ്രഹങ്ങളും തന്നെയല്ലേ മുഹമ്മദിയ്യാ ഉമ്മത്തിലും ആവശ്യപ്പെടുന്നത്? ഈ ദറൂദുകളിലൂടെ മുഹമ്മദിയ്യ സമുദായം ഇതേ അനുഗ്രഹങ്ങൾക്കായാണ് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത്. അത്ഭുതമെന്നല്ലാതെ മറ്റെന്തുപറയുവാനാണ്, ഒരു വശത്ത് ഈ മുല്ലാക്കൾ പ്രവാചകത്വത്തിന്റെ വാതിൽകൊട്ടി അടയ്ക്കുന്നു. മറുവശത്ത് അതേ കാര്യം തന്നെ അവർ ആവശ്യപ്പെടുന്നു. (അവർ തടഞ്ഞതിനെ ആവശ്യപ്പെടുന്നു) സത്യത്തിൽ അവർ ജനങ്ങളെ ചതിക്കുകയാണ്. ഈ മുല്ലാക്കൾ സങ്കടത്തിലകപ്പെട്ടിരിക്കുകയാണ്. ഈ വിനീതദാസനെ ഖലീഫത്തുല്ലാഹ് ആയും പ്രവാചകനായും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അവരല്ല! ആ കാര്യം ഈ വിനീത സേവകന്റെ കരങ്ങളിലുള്ളതുമല്ല. (അല്ലാഹു(ത) വിധിച്ചതിനെ മാറ്റം വരുത്തുവാൻ) അല്ലാഹു (ത) രാജാധികാരം അവൻ ഉദ്ദേശിക്കുന്നവർക്ക് നല്കുന്നു. അവൻ ഇച്ഛിക്കുന്നതാരെയാണോ, അവനെ അവൻ പ്രവാചകനാക്കുന്നു. അല്ലാഹു തന്റെ ദൗത്യം സ്ഥാപിക്കേണ്ടത് എവിടെയാണെന്ന് ഏറ്റവും നന്നായി അറിയുന്നവനാണ് (6:125)

നാം ഓർത്തിരിക്കേണ്ട് ഒരു കാര്യം അതായത് മുസ്ലിംകൾ ഭൂമിയിലെ അധികാരം ലഭിക്കുന്നതിനായി കഠിനമായി പ്രയത്നിച്ചു കൊണ്ടിരിക്കുന്നു. അവർക്കതു ലഭിക്കാതെ വരുമ്പോൾ അവരതാ നിരാശരാകുന്നു. എന്നാൽ അറിഞ്ഞിരിക്കുക

ഭൂമിയിലെ രാജാധികാരം വെറും താത്ക്കാലികമാകുന്നു. അത് നമുക്ക് കിട്ടിയില്ലെങ്കിൽ പോലും, അതൊരു പ്രശ്നമെയുള്ളതല്ല. അതെ! അത് അശേഷം പ്രശ്നമുള്ളതല്ല, എന്നാൽ നമുക്ക് ആത്മീയ അനുഗ്രഹങ്ങൾ ലഭിച്ചില്ലെങ്കിൽ, നമ്മുടെ ഭാവി മുഴുവൻ അപകടത്തിലാണ്, കാരണം മാർഗഭ്യംശം നമ്മെ തീരാദുഃഖത്തിലേക്കും, നരകത്തിലേക്കുമാണ് നയിക്കുന്നത്.

ആയതിനാൽ, ഒരു പ്രവാചകൻ വരുകയാണെങ്കിൽ, ദുർമാർഗത്തിൽ നിന്ന് മാനവനെ രക്ഷിക്കുവാനായി, ലോകത്തെ നേരായ പാതയിൽ മടക്കികൊണ്ടുവരുവാനായി, ആഗതനായാൽ, ഇതുതന്നെയാണ് ജീവിതത്തിന്റെ യഥാർത്ഥമായ ലക്ഷ്യം. അങ്ങനെ മനുഷ്യൻ ഇഹലോകത്തും പരലോകത്തും വിജയം പ്രാപിക്കുന്നു.

നമ്മെ എല്ലാവരേയും അല്ലാഹു(ത) നേർപാതയിൽ നടത്തട്ടെ! പ്രതിഫലം ലഭ്യമാകുന്ന വിഭാഗത്തിൽ! മുൻഅം അലൈഹിം വിഭാഗത്തിൽ ! ഇൻശാ അല്ലാഹ് ! ആമീൻ.

## പ്രഖ്യാപനങ്ങൾ

2018 ഡിസംബർ 05ന്, ബുധനാഴ്ച മാത്രയിൽ നൂറിൽ ഇസ്ലാം മസ്ജിദിൽ(കേരള)വച്ച് എനിക്ക് ലഭിച്ച വെളിപാടുകൾക്കുശേഷം അല്ലാഹു(ത) നമുക്ക് മനസ്സിലാക്കി തന്നതെന്തെന്നാൽ, വരും ദിവസങ്ങളിൽ ലോകത്ത് നടക്കുവാൻ പോകുന്ന സംഭവങ്ങൾ വളരെ വലിയ ഭയാനകങ്ങളായിരിക്കും എന്നതാണ്. നരേന്ദ്രമോദി, ഡൊണാൽഡ് ട്രംപ്, ചൈനീസ് പ്രസിഡന്റ് തുടങ്ങി മറ്റു അനേകരും ഇസ്ലാമിനോടുള്ള അവരുടെ ശത്രുതയും തർക്കങ്ങളും കഠിനതരങ്ങളായിരിക്കുന്നതാണ്. പ്രസ്തുത വെളിപാടുകളിൽ മണ്ണിടിച്ചിലും, വെള്ളപ്പൊക്കവും, കൊടുങ്കാറ്റും മറ്റനേകം പ്രശ്നങ്ങളും ലോകമെമ്പാടും സംഭവിക്കുന്നതാണ് എന്നുകൂടി അറിയിക്കുകയുണ്ടായി.

## കാശ്മീരിലെ വലിയതർക്കം.

2019 ഓഗസ്റ്റ് 5-ാം തീയതി തിങ്കളാഴ്ച മുതൽ ഇന്ത്യയുടെ അധികാരികൾ അവരുടെ ചരിത്രത്തിലെ ഇരുണ്ട മുഖം എന്നു വിശേഷിക്കാവുന്ന തരത്തിലുള്ള ജനാധിപത്യ വിരുദ്ധ നടപടികൾ സ്വീകരിച്ചു വരുന്നു. ഇന്ത്യയിലെ കാശ്മീരിന്റെ

സ്വയം ഭരണാധികാരം എടുത്തുകളയാനുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തീരുമാനം ഒരു വലിയ പകിടകളിയാണ്.

ഇന്ത്യയിൽ നിന്ന് വിടുതൽ തേടുന്ന സായുധ സമരത്തെ ഈ തീരുമാനം ഉജ്ജീവിപ്പിച്ചേക്കാം. പാകിസ്ഥാനുമായുള്ള പ്രശ്നങ്ങൾ കൂടുതൽ കലുഷിതമായേക്കാം.

ചുരുക്കത്തിൽ പറഞ്ഞാൽ കാശ്മീരിലെ ഇന്ത്യൻ സേനകൾ ഓഗസ്റ്റ് 9-ാം തീയതി വെള്ളിയാഴ്ച പൂർണ്ണ ജാഗ്രതയിലായിരുന്നു. മുസ്ലിം ഭൂരിപക്ഷ സംസ്ഥാനമായ കാശ്മീരിൽ- അന്ന് ജുംആ നമസ്ക്കാര ദിനം ആയിരുന്നു. ഇന്ത്യയിലെ വാർത്ത ഏജൻസി PTI ശ്രീനഗറിലെ ഒരു സുരക്ഷാ ഉദ്യോഗസ്ഥനെ ഉദ്ധരിച്ച റിപ്പോർട്ട് ചെയ്ത കാര്യമാണ് ഇത്. മെയ്മാസത്തിലെ പൊതു തെരഞ്ഞെടുപ്പിൽ അധികാരത്തിൽ തിരിച്ചെത്തിയ സർക്കാരിന്റെ ഈ അസുഖകരമായ തീരുമാനം ജമ്മു -കാശ്മീർ സംസ്ഥാനം ഒട്ടാകെ ഭയവും ഭീതിയും ജനിപ്പിക്കുന്നതായിരിക്കുന്നു.

ജമ്മു-കാശ്മീർ സംസ്ഥാനം എന്നുപറയുന്നത് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള കാശ്മീരിന്റെ ഭരണനിർവ്വണ വിഭാഗമാണ്. കാശ്മീരിന്റെ ഏകദേശം മൂന്നിലൊന്നു പാകിസ്ഥാന്റെ നിയന്ത്രണത്തിലാണ് ഉള്ളത്. ദക്ഷിണേഷ്യയിലെ രണ്ടു ന്യൂക്ലിയർ ശക്തികളും കാശ്മീർ തങ്ങളുടേതാണ് എന്നാണ് അവകാശപ്പെടുന്നത്. എന്നാൽ, കാശ്മീർ ഈ രണ്ടു രാജ്യങ്ങൾക്കും ഇടയിൽ വിഭജക്കപ്പെട്ടിരിക്കുകയാണ്, എഴുപത് വർഷത്തിലേറെയായി, ഇരു രാജ്യങ്ങൾക്കുമിടയിൽ സൈനീകവും നയതന്ത്രതലത്തിലും വലിയ പ്രശ്നങ്ങൾ നിലനില്ക്കുന്നു. 1947ൽ ഇന്ത്യയിലെ ബ്രിട്ടീഷ് കോളനി ഭരണം വിഭജനത്തോടെ അവസാനിച്ച നാൾ മുതൽ ഈ പ്രശ്നം ഇരുരാജ്യങ്ങൾക്കുമിടയിൽ ഉണ്ട്. 2011-ലെ സെൻസസ് പ്രകാരം, ഒരു കോടി 25 ലക്ഷം ജനങ്ങൾ താമസിയ്ക്കുന്ന ഈ ഹിമാലയൻ ഭൂപ്രദേശം മുസ്ലിംകൾ ഭൂരിപക്ഷമുള്ള ഇന്ത്യയിലെ ഏക പ്രദേശമാണ്. ഈ പ്രദേശത്തിന്റെ വടക്ക് ഭാഗത്താണ് കാശ്മീർ താഴ്വാര സ്ഥിതി ചെയ്യുന്നത്. മുസ്ലിംകൾ തിങ്ങിപ്പാർക്കുന്ന ശ്രീനഗർ താഴ്വാരയാണ് പ്രദേശത്തിന്റെ ഹൃദയം എന്നു പറയുന്നത്.

ശ്രീനഗർ നിവാസികളുടെ അഭിപ്രായത്തിൽ, അവർക്ക്

ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയിൽ വിശ്വാസം നഷ്ടപ്പെട്ടിരിയ്ക്കുന്നു. അതീവ രഹസ്യമായ തയ്യാറെടുപ്പുകളുടെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള ഹിന്ദുത്വ ദേശീയതയുടെ സർക്കാർ ജമ്മു-കാശ്മീരിന്റെ ഭരണഘടനാപരമായിട്ടുള്ള സ്വയം ഭരണാവകാശത്തെ റദ്ദു ചെയ്യുകയുണ്ടായി. ഇന്ത്യൻ പാർലമെന്റ് ഈ നടപടിക്ക് വോട്ടിലൂടെ അംഗീകാരം നല്കി. മുപ്പതു വർഷമായി അക്രമങ്ങളും സായുധ വിപ്ലവങ്ങളും കൊണ്ട് നട്ടം തിരിയുന്ന ഈ പ്രദേശത്ത് പ്രശ്നങ്ങൾ വീണ്ടും രൂക്ഷമായേക്കും. മുപ്പതു വർഷമായി, ജമ്മു-കാശ്മീർ സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളും നിയന്ത്രണ വിധേയമാക്കാൻ ഇന്ത്യ പരിശ്രമിച്ചുകൊണ്ടിരിയ്ക്കുന്നു.

അതേസമയം പാക്കിസ്ഥാൻ ഇന്ത്യയുമായുള്ള ഉഭയകക്ഷി വ്യാപാരി ബന്ധം നിർത്തിവെച്ചു. ഇസ്ലാമാബാദിലെ ഇന്ത്യയുടെ അംബാസിഡറെ പുറത്താക്കി.

കാശ്മീരിന് ഭരണഘടനാനുസൃതമായി നല്കിയിരുന്ന സ്വയം ഭരണാധികാരം ഇന്ത്യ എടുത്തു കളഞ്ഞതിനു തൊട്ടു പിന്നാലെ കാശ്മീർ പ്രശ്നം എല്ലാ അന്താരാഷ്ട്ര വേദികളിലും ഉന്നയിക്കുമെന്ന് പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻഖാൻ പ്രഖ്യാപിക്കുകയുണ്ടായി. പാകിസ്ഥാനിലെ പാർലമെന്റ് അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, ഖാൻ പറഞ്ഞു, യു.എൻ. രക്ഷാസമിതി ഉൾപ്പെടെ എല്ലാ വേദികളിലും നാം ഈ പ്രശ്നം ഉന്നയിക്കുന്നതാണ്. അന്തരാഷ്ട്ര നീതി ന്യായകോടതിയിലും നമ്മുടെ പ്രശ്നം അവതരിപ്പിക്കും.

സാഹചര്യങ്ങൾ സങ്കീർണ്ണമാണ്. കാശ്മീർ ജനതയ്ക് വേണ്ടി നാം പ്രാർത്ഥിയ്ക്കണം. ജമ്മു-കാശ്മീർ ജനതയ്ക്ക് അവരുടെ ദേശം മുഴുവൻ ഒന്നാക്കാനും ഇന്ത്യയും പാക്കിസ്ഥാനും അതിൽ പങ്കുപറ്റാതിരിയ്ക്കുവാനും സാദ്ധ്യമാകട്ടെ. എല്ലാത്തിനും പുറമെ കാശ്മീർ, അവിടുത്തെ ജനതയുടേതാണ്. ഇന്ത്യ ഇന്ത്യാക്കാരുടേതാണ്. മുസ്ലിംകളും, ഹിന്ദുക്കളും, ക്രിസ്ത്യാനികളും ആയിട്ടുള്ള ഇന്ത്യാക്കാരുടെതാണ്. അത് പാക്കിസ്ഥാന്റേതല്ല. അതുപോല, പാക്കിസ്ഥാൻ പാക്കിസ്ഥാനികളുടേതാണ്-അവർ ഹിന്ദുക്കളോ, മുസ്ലിംകളോ, ക്രിസ്ത്യാനികളോ ആയിരുന്നാലും. അതുകൊണ്ട് നീതി നടപ്പായി കാണണം.

ഇവിടെ മൗറീഷ്യസിൽ, മറ്റു രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ വന്ന് നമ്മുടെ ഈ ചെറിയ മൗറീഷ്യസിൽ അവകാശങ്ങൾ പിടിച്ചു പറിച്ചാൽ നാം അത് ഇഷ്ടപ്പെടുമോ? ആളുകൾ അങ്ങനെ തന്ത്രങ്ങൾ പ്രയോഗിക്കാൻ തുടങ്ങിയാൽ അത് ഒട്ടകത്തിന്റെയും അറബിയുടെയും കഥയിലുള്ളതുപോലെ ഒട്ടകം വീട്ടിൽ കയറി, വീട്ടുകാരൻ പെരുവഴിയിലാകുന്ന അവസ്ഥയിലെത്തും.

ഇന്ന് ലോകം ജനാധിപത്യത്തെപ്പറ്റി സംസാരിയ്ക്കുന്നു. എന്നാൽ അത് ശരിയായ നിലയിൽ നടപ്പിൽ വരുന്നില്ല.

കാശ്മീരിലെ ജനങ്ങൾ തങ്ങളുടെ സ്വയംഭരണം ആഗ്രഹിയ്ക്കുന്നു. ഇന്ത്യ അവർക്കു മുന്നിൽ ഒരു പ്രതിനായകനായി നിലകൊള്ളുന്നു, പല രീതിയിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു.

അല്ലാഹു(ത) ജമ്മു-കാശ്മീരിലെ ജനങ്ങളെ സഹായിക്കട്ടെ. മുസ്ലിംകളും, ഹിന്ദുക്കളും, ക്രിസ്ത്യാനികളും മറ്റു മതസ്ഥരും എല്ലാം ജനതയെന്ന നിലയിലുള്ള അവകാശങ്ങൾ തിരിച്ചു പിടിക്കട്ടെ. അല്ലാഹു(ത) സത്യത്തിനു വേണ്ടി തന്റെ സഹായം കാണിയ്ക്കട്ടെ. എല്ലാവിധ കുതന്ത്രങ്ങളും ഗൂഡാലോചനകളും നെറികെട്ടകളികൾ കളിയ്ക്കുന്നവരേയും തുടച്ചു നീക്കട്ടെ! ഇൻശാ അല്ലാഹ് ആമീൻ.

## ബർമ്മ

കിഴക്കൻ ബർമ്മയിൽ, മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലിൽ 51 പേർ മരണമടഞ്ഞു. കാണാതായവർക്ക് വേണ്ടി രക്ഷപ്രവർത്തകർ തിരച്ചിൽ തുടരുന്നു.

## ചൈന

കിഴക്കൻ ചൈനയിൽ ലേക്കിമ എന്നുപേരുള്ള ചുഴലികാറ്റ് വീശിയടിച്ച് 45-ലേറെ പേർ മരണമടഞ്ഞു. കാണാതായവർക്ക് വേണ്ടി തിരച്ചിൽ തുടരുന്നു. പത്തുലക്ഷത്തോളം ആളുകളെ മാറ്റിപ്പാർപ്പിച്ചു.

## ഇന്ത്യ

ഇന്ത്യയിൽ പലയിടത്തും വെള്ളപ്പൊക്കം കൊണ്ട് വലഞ്ഞിരിക്കുന്നു. ജനങ്ങൾ തെക്കൻ സംസ്ഥാനങ്ങളായ കേരളത്തിലും, കർണ്ണാടകയിലും കെടുതികൾക്ക് ഇരയായി. ഉത്തരേന്ത്യയിൽ വലിയ നാശം മുന്നിൽ വരുന്നു.

ഇതുവരെയുള്ള വാർത്തകൾ നോക്കുമ്പോൾ ആറ് സംസ്ഥാനങ്ങളിലാണ് വെള്ളപ്പൊക്കം ബാധിച്ചിട്ടുള്ളത്.

ഗുജറാത്ത്, കേരളം, കർണ്ണാടക, മഹാരാഷ്ട്ര, ഉത്തരഖണ്ഡ്, ഹിമാചൽപ്രദേശ്, 251പേർ മരണപ്പെട്ടു ഉത്തരേന്ത്യയിൽ മാത്രം. ആയിരങ്ങൾ വീട്‌വിട്ടു ഇറങ്ങേണ്ടി വന്നു.

മാനവരാശി വലിയ പരീക്ഷണങ്ങൾ നേരിടുകയാണ്. കൊടിയ വേദന അനുഭവിയ്ക്കുകയാണ്. നമ്മൾ മനുഷ്യരെന്ന നിലയിൽ, പ്രത്യേകിച്ചും മുസ്ലിംകൾ എന്ന നിലയിൽ, മാനവരാശിയെ സഹായിക്കേണ്ടതാണ്. ലോകത്തിന്റെ ഭാവി നമ്മുടെ നന്മയിലാണ് നിലകൊള്ളുന്നത്. നമ്മൾ തന്നെയാണ് ഏറ്റവും ഉദാത്തമായ മാതൃകകൾ സൃഷ്ടിക്കേണ്ടത്. ഒരു നല്ല ലോകം സൃഷ്ടിക്കുവാൻ നാം മുന്നിൽ നില്ക്കണം. നമ്മൾ മാനവരാശിയുടെ ഭാഗമാണ്. ലോകത്തിന്റെ വേദനകൾ നമ്മെയും ബാധക്കുന്നതു തന്നെയാണ്.

നാം പ്രാർത്ഥിയ്ക്കുന്നു. ദൈവം നമ്മോട് കരുണകാട്ടട്ടെ. ഒരൊറ്റ സമൂഹമാക്കി നമ്മെ തീർക്കട്ടെ. തെറ്റായ പാതകൾ പിന്തുടരുന്നത് കൊണ്ട് പ്രയോജനം ഒന്നുമില്ലെന്നു ജനങ്ങൾ മനസ്സിലാക്കട്ടെ. അത്തരം വഴികൾ വെറുപ്പും നാശവും വ്യർത്ഥതയും മാത്രമേ കൊണ്ടു വരികയുള്ളു.

അതുകൊണ്ട് നാം നമ്മുടെ അയൽക്കാരെ സഹായിക്കാൻ വേണ്തു ചെയ്യണം. ജനങ്ങളെ സത്പാതയിലേക്ക് വിളിക്കണം. ദൈവീക പന്ഥാവിലേക്ക് ക്ഷണിക്കണം. ജനങ്ങൾ ദൈവത്തെ തിരിച്ചറിയണം. സത്യദൈവത്തിലേക്ക് തിരിഞ്ഞ്, ആരാധിച്ച്, സത്‌വൃത്തികൾ ചെയ്ത് തന്റെ സ്രഷ്ടാവിലേക്ക് എത്തിച്ചേരുവാൻ അവരെ പ്രാപ്തരാക്കണം, ഇൻശാ അല്ലാഹ് ആമീൻ!



*Translated By: Hazrat Mukarram Fazil Jamal &Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*